പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാം

26 (854) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴി ഇറിഗേഷൻ ഡാമിലെ പക്ഷിക്കുന്ന് ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റിന് ലഭിച്ച നിവേദനത്തിൻമേൽ (ഫയൽ നം: 34323/എം. പി./ 99/ ജല.വകുപ്പ്, 23-12-99) എന്തെല്ലാം നടപടികൾ എടുത്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

പനത്തുറയിൽ കടൽഭിത്തി നിർമ്മാണം

27 (855) ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പനത്തുറയിൽ കടൽ ഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കടൽ ഭിത്തി നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി&സി) ലഭിച്ചിട്ടില്ല. നിലവിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പനത്തുറയിൽ നാലു ഭാഗങ്ങളിലായി കടൽഭിത്തികളുടെ പുനരുദ്ധാരണത്തിന് 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം പുനരുദ്ധാരണ പണികൾ നടത്താൻ സാധിച്ചിട്ടില്ല .

ആലപ്പുഴയിലെ കനാലുകൾ നവീകരിക്കാൻ പദ്ധതി

28 (856) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) കനാൽ നവീകരണം സംബന്ധിച്ച് ജലസേചന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എത്ര പ്രാവശ്യം ചർച്ചകൾ നടന്നു ;

(ഡി) ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ചർച്ചയിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എച്ച്) തീരുമാനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഐ) കനാലുകൾ നവീകരിക്കുന്നതിലും ഉപയോഗപ്രദമാക്കുന്നതിനും വേണ്ടി എന്ത് തുക ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ജെ) ആവശ്യമായ ഫണ്ട് കേന്ദ്ര സംസ്ഥാന ഏജൻസികളോ, മറ്റു സ്ഥാപനങ്ങളോ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(കെ) നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും, ഉപയോഗപ്രദം ആക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) ആലപ്പുഴപ്പട്ടണത്തിലെ കനാലുകളുടെ ശുചീകരണവും. നവീകരണവും സംബന്ധിച്ച കാര്യങ്ങൾ ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട മന്ത്രിമാർ, ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മൂന്നു പ്രാവശ്യം ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് ആലപ്പുഴ കനാലുകളുടെ പുനരുദ്ധാരണം നടത്താനുതകുന്ന ഒരു സമഗ്രമായ റിപ്പോർട്ട് 'നാറ്റ്പാക്ക്' തയ്യാറാക്കിയിട്ടുണ്ട്.

(ജി) മേൽ സൂചിപ്പിച്ച റിപ്പോർട്ട് 14-6-2000ൽ ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും നടന്ന ചർച്ചയിൽ സർക്കാർ തലത്തിലുള്ള ധനകാര്യം പൊതുമരാമത്ത്, തദ്ദേശസ്വയം ഭരണ, ആരോഗ്യം, ജലസേചനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുമായി ചർച്ചചെയ്യുകയും പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കേണ്ടതിനാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളെയും ഏകോപിപ്പിക്കുവാനും, ഇതിനാവശ്യമായ ധനസമാഹരണത്തെപ്പറ്റി തീരുമാനിക്കുവാനും ജലസേചനവകുപ്പു സെക്രട്ടറി കൺവീനറായും, തദ്ദേശസ്വയംഭരണം, ധനകാര്യം, ടൂറിസം, അർബൻഡെവലപ്പ്മെന്റ് സെക്രട്ടറിമാർ, മെംബർമാരായും ഒരു കമ്മറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 36.2 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന 'നാറ്റ്പാക്ക്' തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ ആർ ഐ ഡി എഫ് 6-ൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുവഴി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) തീരുമാനങ്ങൾ അടിയന്തിരമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(ഐ) കനാലുകൾ നവീകരിക്കുന്നതുൾപ്പടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു ഏകദേശം 36.2 കോടി രൂപ ചെലവു വരുന്ന ഒരു എസ്റ്റിമേറ്റാണ് 'നാറ്റ്പാക്ക്' തയ്യാറാക്കിയിട്ടുള്ളത്.

(ജെ&കെ) നബാർഡിന്റെ ആർഐഡിഎഫ്-6 പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം ഹഡ്കോ ശുദ്ധജല വിതരണം പാക്കേജ് പദ്ധതി

29 (859) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഹഡ്കോ ശുദ്ധജലവിതരണ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പാക്കേജ് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പാക്കേജിന് എന്നത്തേയ്ക്ക് അംഗീകാരം നൽകി ഉത്തരവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) ചുണ്ടി ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീമിന്റെ മാതൃകയിൽ, ഹഡ്കോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥൻമാരുമടങ്ങിയ ഹൈപവർ ഇംപ്ലീമെന്റേഷൻ കമ്മറ്റി രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 8-6-2000-ൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് .

കോന്നിതാഴം വാട്ടർ സപ്ലൈ സ്കീം

30(860) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കോന്നി താഴം വാട്ടർ സപ്ലൈ സ്കീമിന്റെ രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്ക് എൽ.ഐ.സി.യുടെ സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly